LIBRARY ARCHIVES Kerala Legislative Assembly

കസ്റ്റഡി മരണം

187 (1931) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ എത്ര കസ്റ്റഡി മരണം സംഭവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര പേർക്കെതിരെ ഔദ്യോഗിക തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കസ്റ്റഡി മരണം തടയുന്നതിന് ഔദ്യോഗിക തലത്തിൽ എന്തെങ്കിലും വകുപ്പ്തല നടപടിക്ക് ശിപാർശ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 2015-ൽ 4 കസ്റ്റഡി മരണം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 5 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ കൊണ്ടുവരുന്ന പ്രതികളെ ആദ്യം തന്നെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കണമെന്നും കസ്റ്റഡിയിൽ എടുക്കുന്നവരെ ശാസ്ത്രീയമായും നിയമപരമായും മാത്രമേ ചോദ്യം ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനമൈത്രി പോലീസ്

188 (1932) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സന്തുലിത പ്രാതിനിധ്യം സമിതിയിൽ ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

ജനമൈത്രി പോലീസ് സമിതിയിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, പ്രദേശത്തെ വിദ്യാഭ്യാസ, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, സ്കൂൾ കോളേജ് മേധാവികൾ, വിരമിച്ച ഉദ്യോഗസ്ഥർ, പ്രാദേശിക ജനപ്രതിനിധികൾ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, റസിഡന്റ്സ്

അസോസിയേഷൻ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സഹായത്തോടെ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത സമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ പേരുകൾ നിർദ്ദേശിച്ച് സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിക്കുകയും സമിതി രൂപീകരിക്കുകയും ചെയ്യുന്നു. ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സമ്മിശ്ര പ്രാതിനിധ്യം സമിതിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

സൈൽ പദ്ധതി

189 (1933) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തരമായി പ്രഥമ ശുശ്രൂഷ നൽകുന്നതിലൂടെ റോഡപകടങ്ങൾമൂലമുള്ള മരണ നിരക്ക് കുറയ്ക്കുക, അപകടത്തിൽപ്പെടുന്നവർക്ക് അംഗവൈകല്യം കുറയ്ക്കുക, വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ചികിത്സ നൽകി പരിക്ക് പറ്റിയവരെ എത്രയും പെട്ടെന്ന് തന്നെ ആശുപത്രിയിൽ എത്തിക്കുവാൻ പോലീസിനെ പ്രാപ്തരാക്കുക, പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ച് അത്യാഹിതങ്ങൾ കുറയ്ക്കുക വഴി വാഹനാപകടത്തിൽപ്പെടുന്നവരെ സഹായിക്കുക എന്നിവയാണ് സൈൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly